പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തിയതി- 28/05/2022
Phone - 0471-2580515

No: DGE/7174/2022-H5

പ്രേഷിതൻ

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

*വിഷയം-* *പൊ.വി- മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ- അദ്ധ്യാപകരുടെ ശമ്പളം- വ്യക്തത- സംബന്ധിച്ച്*

*സൂചന-*
1. *26.02.2021 ലെ സ ഉ (സാധാ) നം 1957/2021/പൊ.വി.വ*
2. *പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) 25.05.2022 ലെ നോട്ട് ഉത്തരവ്*

സൂചന (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ (ദിവസവേതനാടിസ്ഥാനത്തിൽ) 2020 മാർച്ച് മാസം നൽകിയ വേതനത്തിന് തുല്യമായ തുക 2021 ജനുവരി മുതൽ അനുവദിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 24.11.2020 ലെ എച്ച്2/8499/2020/ഡിജിഇ നമ്പർ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിൽ അദ്ധ്യാപകരുടെ പേരോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഭാഗത്തിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ, 2019- 20 അദ്ധ്യയന വർഷത്തെ തസ്തികനിർണ്ണയ പ്രകാരം നിലനിന്നിരുന്നതും, 2020 മാർച്ച് മാസം സേവനത്തിലുണ്ടായിരുന്നതും ആയ മേൽ വിഭാഗത്തിൽപ്പെട്ട എല്ലാ അദ്ധ്യാപകർക്കും അവർ 2020 മാർച്ച് മാസം കൈപ്പറ്റിയ തുകക്ക് തുല്യമായ വേതനം 2021 ജനുവരി മുതൽ ഒക്ടോബർ വരെ, സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുവദിച്ചു കൊടുക്കാവുന്നതാണ് എന്നും ആയതിനായി ഡയറക്ടറുടെ പ്രത്യേക അനുമതിയുടെ ആവശ്യമില്ല എന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു. വിദ്യാഭ്യാസ ഓഫീസർമാരുടെ കൈവശം ഇതുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടെങ്കിൽ ആയത് അടിയന്തിരമായി തീർപ്പ് കൽപ്പിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

Signature valid

Digitally signed by C AMBIKA
Date: 2022.05.28 14:37:53 IST
Reason: Approved

വിശ്വസ്തതയോടെ

സി അംബിക (പെൻ– 104062)
പ്രോജക്റ്റ് ഓഫീസർ
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി